## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:157 — 04/02/2013 - ൽ മറുപടിക്ക്

### കാസർഗോഡ് നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതികൾ

| *ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി, സമ്പാദ്യ ആശ്വാസ പദ്ധതി, സീ റാഞ്ചിംഗ് പദ്ധതി, സാനിറ്റേഷൻ പദ്ധതി എന്നിവ നടപ്പിലാക്കാൻ കാസർഗോഡ് നിയോജകമണ്ഡലത്തിൽ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; പദ്ധതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നല്കുമോ; | (എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, സീ റാഞ്ചിംഗ് പദ്ധതി, സാനിട്ടേഷൻ എന്നിവ ജില്ലാടിസ്ഥാനത്തിൽ നടക്കുന്ന പദ്ധതികളാണ്. കാസർഗോഡ് ജില്ലയിലെ ഉൾനാടൻ/ മറൈൻ മത്സ്യത്തൊഴിലാളികൾക്കായുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 2011-12 വർഷത്തിൽ ആകെ 8050 ഗുണഭോക്താക്കൾ ചേർന്നിട്ടുണ്ട്. 2012-13 വർഷത്തെ പദ്ധതി തുടർന്നു വരുന്നു. സീ റാഞ്ചിംഗ് പദ്ധതി പ്രകാരം കാസർഗോഡ് മണ്ഡലത്തിലെ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്നിൽ 3 ലക്ഷം കാരചെമ്മീൻ വിത്ത് നിക്ഷേപം നടത്തിയിട്ടുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളി ബോധവൽക്കരണ കേന്ദ്രങ്ങൾ ഏതെല്ലാം ജില്ലകളിലാണുള്ളത്; മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന കാസർഗോഡ് | (ബി) മത്സ്യത്തൊഴിലാളി ബോധവൽക്കരണ കേന്ദ്രങ്ങൾ - മറൈൻ ജില്ലകളിൽ ഒൻപത് മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾ നിലവിലുണ്ട്. കാസർഗോഡ് ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസ് പ്രവർത്തിച്ചു വരുന്ന കസബ |

| | |
|---|---|
| കസബ കടപ്പുറത്ത് ഇത്തരമൊരു കേന്ദ്രം നിർമ്മിക്കാൻ ആലോചനയുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ? | എന്ന സ്ഥലത്ത് ഒരു മത്സ്യത്തൊഴിലാളി ബോധവൽക്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശുപാർശ ജില്ലയുടെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായുള്ള പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ